## 6.2 40 കിലോ വാട്ടിന്റെ മീൻവല്ലം ടെയിൽറേസ്പദ്ധതി

മീൻവല്ലം SHP (3MW) പദ്ധതി നടപ്പാക്കുന്ന പാലക്കാട് സ്മോൾ ഹൈഡ്രോ കമ്പനി, ടെയിൽ റേസിൽ നിന്നും ഒരു ചെറുകിട ജലവൈദ്യുത പദ്ധതി തുടങ്ങാനുള്ള നിർദ്ദേശവുമായി ഇ എം സി യെ സമീപിച്ചിരുന്നു. പ്രാഥമിക പഠനത്തിന് ശേഷം 40 കിലോ വാട്ട് പദ്ധതിയായി നിശ്ചയിച്ച ആർക്കിമിഡിയൻ സ്ക്രൂ ടൈപ്പ് ടർബൈൻ നിർദ്ദേശിക്കുകയും ചെയ്തു. പി.എസ്.എച്ച്.സി പിന്നീട് പരിപാടിക്ക് സാങ്കേതിക സാമ്പത്തിക പ്രായോഗ്യത റിപ്പോർട്ട് ( ടി ഇ എഫ് ആർ )തയ്യാറാക്കുന്നതിനായി ഇ.എം.സിയ്ക്ക് കൺസൽട്ടൻസി നൽകി. എനർജി മാനേജ്മെന്റ് സെന്റർ ടി.ഇ.എഫ്.ആർ പൂർത്തിയാക്കി പി.എസ്.എച്ച്.സിക്ക് സമർപ്പിക്കുകകയും അത് അംഗീകരിച്ച പദ്ധതി നിർവഹണത്തിനായി അനുമതി നൽകുകയും ചെയ്തു.

